MAR REMIGIOSE INCHANANIYIL
Bishop of Thamarassery

സർക്കുലർ 25/2025 10 ഒക്ടോബർ 2025

# അവകാശ സംരക്ഷണ യാത്ര

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

സങ്കീർണ്ണവും സംഘർഷഭരിതവും സമാധാന ജീവിതത്തെ നശിപ്പിക്കുന്നതുമായ ജീവിത ചുറ്റുപാടുകളിലൂടെയാണ് നമ്മുടെ സമുദായവും പൊതുസമൂഹവും ഇന്ന് കടന്നുപോകുന്നത്. അതിവികസനത്തിന്റെ ആർപ്പുവിളികൾക്കപ്പുറം സാധാരണ മനുഷ്യന്റെ ജീവിത പരിസരങ്ങൾ പ്രക്ഷുബ്ദവും പ്രശ്നസങ്കീർണ്ണവും പ്രയാസകരവുമായി തീർന്നിരിക്കുന്നു; അവർ ഇന്ന് അരക്ഷിതരും അസംതൃപ്തരുമാണ്. ഭരണകൂടങ്ങളൊന്നും പ്രീണന തന്ത്രങ്ങൾക്കപ്പുറം വൈവിധ്യങ്ങളുടെ സൗന്ദര്യത്തെ അതിന്റെ തനിമയിൽ ഉൾക്കൊണ്ടുകൊണ്ട് ജനാധിപത്യത്തെയും ജനാഭിലാഷങ്ങളെയും സംരക്ഷിച്ച് ശക്തിപ്പെടുത്താനുള്ള ഗൗരവമായ ശ്രമങ്ങൾ നടത്തുന്നില്ല എന്നതും നമ്മെ ആശങ്കാകുലരാക്കുന്നുണ്ട്.

ഭവന - കാർഷിക - വിദ്യാഭ്യാസ - വാഹന വായ്പകളുടെ കെണിയിൽപ്പെട്ട അനേകം കുടുംബങ്ങൾ, അതിരൂക്ഷമായ വിലക്കയറ്റം, തൊഴിലില്ലായ്മ, ഒഴിവുകൾ നികത്താതിരിക്കൽ, വിദേശ കുടിയേറ്റം, ഒറ്റപ്പെട്ട് കഴിയുന്ന മാതാപിതാക്കൾ, കൃഷിതകർച്ച, വിപണിയിലും വിലയിലും ഉറപ്പില്ലാത്ത കാർഷിക ഉത്പ്പന്നങ്ങൾ, നാടും ജീവനും കവരുന്ന വന്യമൃഗങ്ങൾ, മദ്യ-മയക്കുമരുന്ന് ലോബികൾ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക മേഖലകളിലെ തളർച്ച എന്നിവ നമ്മുടെ സമൂഹത്തെയും മാനവപുരോഗതിയെയും ഈ വർത്തമാനകാലത്ത് പുറകോട്ട് നയിക്കുകയാണ്.

ക്രൈസ്തവ സമുദായത്തിന്റെ സാമ്പത്തിക സാമൂഹിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയെക്കുറിച്ച് പഠിച്ച ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഇന്നും കാണാമറയത്താണ്. വർഗീയമായ പ്രീണന നയങ്ങളും ക്രൈസ്തവ സമുദായത്തോടുള്ള വിവേചനവും നമ്മുടെ ആശങ്കയാണ്. നമ്മുടെ ഉപജീവന രംഗം പ്രധാനമായും കൃഷിയാണല്ലോ. നിരാശജനകമായ മലയോര കാർഷിക മേഖലയുടെ ഉയിർത്തെഴുന്നേൽപ്പിന് വേണ്ട സഹായങ്ങൾ ബന്ധപ്പെട്ടവരിൽനിന്ന് നമുക്കുലഭിക്കുന്നില്ല. കാലഹരണപ്പെട്ട തൊഴിൽ സംവരണ നിയമങ്ങളിലെ അശാസ്ത്രീയത സമുദായത്തിന് വെല്ലുവിളിയാണ്. ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സർക്കാർ സ്വീകരിക്കുന്ന നിഷേധാത്മക സമീപനം ആയിരക്കണക്കിന് ചെറുപ്പക്കാരുടെ ജീവിത സ്വപ്നങ്ങളെ ഇല്ലാതാക്കിയിരിക്കുന്നു. അപക്വവും അബദ്ധജഡിലവുമായ പ്രസ്താവനകൾ ഉത്തരവാദിത്വപ്പെട്ട സ്ഥാനങ്ങളിൽ നിന്നുണ്ടാകുന്നതും വേദനാജനകമാണ്. വിശ്വാസത്തേയും ആചാരാനുഷ്ഠാനങ്ങളേയും തടസ്സപ്പെടുത്തുകയും വൈദികരും സന്യസ്തരും കയ്യേറ്റം ചെയ്യപ്പെടുകയും ചെയ്യുന്ന അപകടകരമായ സാഹചര്യം നമ്മൾ ക്രൈസ്തവരെ വ്രണിത ഹൃദയരാക്കുന്നുണ്ട്. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് സാമ്പത്തിക- സാമൂഹ്യ സുരക്ഷ ഒരുക്കുന്ന ശുശ്രൂഷാ മേഖലകളിലും അമിത നിയന്ത്രണങ്ങളുടെ ഭാരമാണ് നാം നേരിടുന്ന മറ്റൊരു പ്രതിസന്ധി.

പ്രതികൂലങ്ങളുടെ നടുവിൽ അതിരാവിലെ തന്നെ കല്ലറയിങ്കലേക്ക് ഓടിയ മഗ്ദലനമറിയത്തിന്റെ വിശ്വാസ തീക്ഷ്ണതയിൽ (യോഹ. 20,1) നാം ഇറങ്ങിത്തിരിക്കേണ്ട സമയമാണിത്. വാചക മേളയിൽ നിന്ന് പ്രവർത്തി രൂപത്തിലേക്ക് വളരാൻ ഭരണാധികാരികളെ നിർബന്ധിക്കുന്ന ജനാതിപത്യ പോരാട്ട മാർഗ്ഗങ്ങളിലൂടെ ഒരേ ശബ്ദമായി നാം ഒത്തുചേരണം. സീറോ മലബാർ സഭയുടെ മുഖമായി പൊതുമണ്ഡലത്തിൽ വർത്തിക്കുന്ന കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്ക് നാം അവകാശ സംരക്ഷണയാത്ര നടത്തുകയാണ്. *'നീതി ഔദാര്യമല്ല അവകാശമാണ്'* എന്ന മുദ്രാവാക്യം ഉയർത്തി ഒക്ടോബർ 13 മുതൽ 24 വരെ നടത്തുന്ന യാത്രയ്ക്ക് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ നേതൃത്വം നൽകും. തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി കാസർഗോഡ് പാണത്തൂരിൽ

Bishop's House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P+ Fax)
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com

ഉദ്ഘാടനം ചെയ്യുന്ന അവകാശ സംരക്ഷണ യാത്ര എല്ലാ ജില്ലകളിലൂടെയും കടന്നുപോകുന്നു. അഭിവന്ദ്യ പിതാക്കൻമാരും വൈദികരും സാമുദായിക-സാമൂഹ്യ സംഘടനകളുടെ നേതാക്കളും വിവിധ ഇടങ്ങളിലെ ജാഥാ പ്രയാണത്തിൽ പങ്കാളികളാകുന്നുണ്ട്.

ഒക്ടോബർ 16 വ്യാഴാഴ്ച താമരശ്ശേരി രൂപതയിൽ പ്രവേശിക്കുന്ന അവകാശ സംരക്ഷണ യാത്രയുടെ രൂപതയിലെ ആദ്യ സ്വീകരണം മരുതോങ്കരയിൽ രാവിലെ 8 മണിക്കാണ്. തുടർ സമ്മേളനങ്ങൾ 9.15 കൂരാച്ചുണ്ട്, 10.30 താമരശ്ശേരി, 12.15 കോടഞ്ചേരി, 2.15 തോട്ടുമുക്കം എന്ന രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. തിരുവമ്പാടിയിൽ വൈകുന്നേരം 4.30 ന് അവകാശ സംരക്ഷണ റാലിയെ തുടർന്ന് നമ്മൾ ഒന്നിച്ച് അണിചേരുന്ന പൊതുസമ്മേളനത്തിൽ ആയിരങ്ങൾ പങ്കുചേരുന്നു.

ഐക്യത്തിന്റെ സന്ദേശം പകർന്ന് സമുദായാംഗങ്ങളെ സാഹോദര്യത്തിൽ അണിനിരത്തി സഭയുടെ ശബ്ദമാകാൻ കത്തോലിക്ക കോൺഗ്രസ് ഏറ്റെടുത്തിരിക്കുന്ന ഈ വലിയ ദൗത്യത്തിൽ നമ്മുടെ രൂപതയിലെ എല്ലാവരുടേയും പിന്തുണയും സാന്നിധ്യവും ഉണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. സമൂഹത്തെ പൊതുവായും സമുദായത്തെ പ്രത്യേകമായും ബാധിക്കുന്ന പ്രശ്നങ്ങളെ നാടിന്റെ ശബ്ദമായി നാം ഏറ്റെടുക്കുമ്പോൾ സങ്കുചിത താത്പര്യങ്ങൾ പരിഗണിക്കാതെ, മുതിർന്നവരും സ്ത്രീകളും യുവജനങ്ങളും ഉൾപ്പെടെ എല്ലാവരുടെയും പ്രാർഥനയും സഹകരണവും സാന്നിധ്യവും നിങ്ങളുടെ പ്രദേശത്തോട് അടുത്ത് നടക്കുന്ന അവകാശ സംരക്ഷണ ജാഥാ സമ്മേളനങ്ങളിൽ ഉണ്ടാകുമെന്ന് ഉറപ്പാക്കുമല്ലോ. നമുക്ക് വേണ്ടി ശബ്ദിക്കാൻ നാം മാത്രമേ ഉള്ളൂ എന്നത് നമുക്ക് വിസ്മരിക്കാതിരിക്കാം. ബഹുമാനപ്പെട്ട വൈദികരും AKCC ഉൾപ്പെടെയുള്ള സമുദായ സംഘടനകളുടെ നേതൃത്വവും നൽകുന്ന നിർദ്ദേശങ്ങളോട് സർവാത്മന സഹകരിച്ച് നിലനിൽപ്പിനായുള്ള ഈ പോരാട്ടത്തെ വിജയത്തിലെത്തിക്കാൻ എല്ലാവരും ഒരേ മനസ്സോടെ പരിശ്രമിക്കണം.

'ദൈവത്തിന് ഒന്നും അസാധ്യമല്ല' (ലൂക്ക 1,37) എന്ന ഉറച്ച ബോധ്യത്തോടെ തുല്യനീതിക്കും അവകാശങ്ങളുടെ സംരക്ഷണത്തിനുമായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് തന്റെ ജനത്തെ വാഗ്ദത്ത നാട്ടിലേക്ക് നയിച്ച ദൈവം, അവകാശ സംരക്ഷണ യാത്രയിൽ നമുക്ക് ആശ്രയമായിരുന്ന് വിജയം നല്കട്ടെ. സമാധാന രാജ്ഞിയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും രൂപതാമധ്യസ്ഥയായ വിശുദ്ധ അൽഫോൻസമ്മയുടെയും പ്രാർഥന സാമൂഹ്യനീതിക്കായുള്ള ഈ പ്രയാണത്തിൽ നമുക്ക് തുണയായിരിക്കട്ടെ എന്നു പ്രാർഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

+ Remigiose

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

REMIGIOSE INCHANANIYIL ★ BISHOP OF THAMARASSERY ★

---

*ഈ സർക്കുലർ 2025 ഒക്ടോബർ 12 ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.*

Bishop's House, P .B. No. 1, Thamarassery P.O., Calicut - 673 573, Kerala, India
Phone : 0495 - 2223376, 2223019 (P+ Fax)
Web: www.dioceseofthamarassery.org
Email : remigiusm@hotmail.com, diocesetmy09@gmail.com